കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗുരുവായൂർ ഏകാദശി, മണ്ഡല മകരവിളക്ക് ഉത്സവം - ശുചീകരണ പ്രവർത്തനങ്ങൾ - താൽക്കാലിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.2493/2013/തസ്വഭവ　　　　തീയതി, തിരുവനന്തപുരം,08/10/2013

പരാമർശം : ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ 7/9/2013 ലെ എച്ച്/19021/12 നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1)ലെ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് ഗുരുവായൂർ ഏകാദശി, മണ്ഡല മകരവിളക്ക് ഉത്സവാഘോഷങ്ങളുടെ ഭാഗമായി ഗുരുവായൂർ നഗരസഭാതിർത്തിക്കുള്ളിൽ പ്രത്യേക ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 100 (നൂറ്) ശുചീകരണ തൊഴിലാളികളെയും തീർത്ഥാടകർക്കായി നടത്തുന്ന ഫസ്റ്റ് എയ്ഡ് ബൂത്തുകൾ പ്രവർത്തിപ്പിക്കുന്നതിനായി 2 (രണ്ട്) ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാരെയും 01/10/2013 മുതൽ 31/3/2014 വരെയുള്ള കാലയളവിലേക്ക് സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതകൾ ഉണ്ടാകില്ലെന്നും ഇപ്രകാരം നിയമിക്കപ്പെടുന്നവരുടെ സേവനം 31/3/2014 ൽ തന്നെ അവസാനിപ്പിക്കേണ്ടതാണെന്നും, ഇതിലേക്കാവശ്യമായ തുക ഗുരുവായൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾക്കും നഗരസഭാ കൌൺസിൽ തീരുമാനത്തിനും വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി
സെക്രട്ടറി / ചെയർമാൻ ഗുരുവായൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**